# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 221** **08/02/2016-ൽ മറുപടിയ്ക്ക്**

## ഫിഷ് മെയ്ഡ് കിയോസ്കുകൾ

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യം ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ എത്ര കിയോസ്കുകൾ സ്ഥാപിക്കുമെന്നായിരുന്നു 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്; | എ) മത്സ്യം ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ്മെയ്ഡ് എന്ന ബ്രാൻഡിൽ കേരളത്തിലുടനീളം 100 കിയോസ്കുകൾ സ്ഥാപിക്കുമെന്നായിരുന്നു 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. |
| ബി) ഈ പദ്ധതിയുടെ ലോഞ്ചിങ്ങിനും മറ്റുമായി നാളിത് വരെ എത്ര കോടി രൂപ ചെലവഴിച്ചു; പരസ്യത്തിന് വിവിധ ഘട്ടങ്ങളിൽ ചെലവായ തുക എത്രയായിരുന്നു; | ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ഒരു കിയോസ്കിന് 3.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പുതിയ ഭരണാനുമതി നൽകിയ ഫിഷ് മെയ്ഡ് പ്രീമിയം ഔട്ട്ലെറ്റിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട് ഇതിന്റെ ലോഞ്ചിങ്ങിന് 68,001/- രൂപയും പരസ്യത്തിന് 6,49,035/- രൂപയും ചെലവഴിച്ചിട്ടുണ്ട് ബാക്കിയുള്ളവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| സി) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ എത്ര കിയോസ്കുകൾ പ്രവർത്തിച്ച് വരുന്നു; പിന്നിട്ട വർഷങ്ങളിലെ കിയോസ്കുകൾ വഴിയുള്ള വിറ്റുവരവ് | സി) സംസ്ഥാന സർക്കാരിൽ നിന്നും പുതിയ ഭരണാനുമതി നൽകിയ ഫിഷ് മെയ്ഡ് പ്രീമിയം ഔട്ട്ലെറ്റിൽ ആദ്യത്തെ ഔട്ട്ലെറ്റ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു. ഇതുവഴി നാളിതുവരെ 3,68,722/ രൂപയുടെ വിറ്റുവരവ് നടന്നിട്ടുണ്ട് |

| | | | |
|---|---|---|---|
| | എത്ര കോടിയുടേതാണ്; വിശദമാക്കാമോ; | | കൂടാതെ വിവിധ ഷെയറുകളിലായി ഫിഷ് മെയ്ഡ് ഉൽപ്പന്നങ്ങളുടെ വിപണനം നടത്തിയ വകയിൽ 13,96,634/- ലക്ഷം രൂപ ലഭിച്ചിട്ടുണ്ട് |
| ഡി) | ഈ പദ്ധതിയ്ക്ക് വകയിരുത്തിയ മൊത്തം തുക എത്ര ; പിൻവലിച്ച തുക എത്ര? | ഡി) | പദ്ധതിയുടെ അടങ്കൽ തുക 350.00 ലക്ഷം രൂപയാണ്. ഇതിൽ 300 ലക്ഷം രൂപ കേന്ദ്ര വിഹിതവും 35 ലക്ഷം രൂപ സംസ്ഥാന വിഹിതവും 15 ലക്ഷം രൂപ കോർപ്പറേഷൻ വിഹിതവുമാണ്. പ്രസ്തുത പദ്ധതി പ്രായോഗികമല്ലാത്തതിനാൽ 201415 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഫിഷ് മെയ്ഡ് പ്രീമിയം ഔട്ട് ലെറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത് ആയതിനാൽ മേൽപ്പറഞ്ഞ പദ്ധതിയിൽ തുകയൊന്നും ചിലവിട്ടിട്ടില്ല |

**സെക്ഷൻ ആഫീസർ**